Page 1 of 1

ക്കുന്നതിനും, ഇത്തരം വാഹനങ്ങൾ നികുതി വെട്ടിപ്പ് നടത്തുക എന്നുള്ള ഉദ്ദേശത്തോടുകൂടി വ്യാജ മേൽവിലാസത്തിൽ ആണ് അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നത് ബോദ്ധ്യപ്പെടുകയാണെങ്കിൽ 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് പ്രകാരവും, ഇന്ത്യൻ പീനൽ കോഡിലെ 471-ാം വകുപ്പ് പ്രകാരവും നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ അലവൻസ്

338 (340) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് യൂണിഫോം അലവൻസായി എത്ര രൂപയാണ് നൽകുന്നത് ;

(ബി) ഇതര വകുപ്പുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് താരതമ്യേന കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഭാഗത്തിൽ ബോട്ട് സർവ്വീസിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വിശ്രമിക്കുന്നതിനോ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോ ഉള്ള സൗകര്യങ്ങൾ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രതിവർഷം 1,600 രൂപയാണ് നല്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേ റിവിഷൻ കമ്മീഷനാണ് യൂണിഫോം അലവൻസ് നിശ്ചയിച്ചിരിക്കുന്നത്.

(സി) ബോട്ട് സർവ്വീസിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസിലെ ടോയ്ലെറ്റ് സൗകര്യവും എല്ലാ ബോട്ടുകളിലും ലഭ്യമായ ടോയ്ലെറ്റും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനായി ലഭ്യമാണ്. വിശ്രമത്തിനായി ബോട്ടിൽ ലഭ്യമായ സ്ഥലവും അവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(നക്ഷത്രചിഹ്നമിടാത്ത 53, 250 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly